ടി.കെ ഉബൈദ്

1206

സൂറ - 43

# അസ്സുഖ്റുഫ്

**സൂക്തം 87-89**

ആരെങ്കിലും ഇസ്‌ലാമിനെ എതിർക്കുകയും പ്രവാചകനെയും ഖുർആനിനെയും അവമതിക്കുകയും ചെയ്താൽ ഉടനെ അവരുടെ മേൽ ചാടിവീഴാൻ അല്ലാഹു കൽപിച്ചിട്ടില്ല. തർക്കിച്ചിട്ട് ഫലമില്ലാത്തവരോട് തർക്കിക്കാതിരിക്കുകയും സമാധാനപരമായി വർത്തിക്കുകയുമാണ് വേണ്ടത്. ഇങ്ങോട്ട് ബലപ്രയോഗം നടത്തുന്നവരെ മാത്രമേ ബലപ്രയോഗത്തിലൂടെ നേരിടാവൂ. മതനിന്ദകരുടെയും പരിഹാസകരുടെയും കാര്യം അല്ലാഹു നോക്കിക്കൊള്ളും.

وَلَئِن سَأَلْتَهُم مَّنْ خَلَقَهُمْ لَيَقُولُنَّ ٱللَّهُ ۖ فَأَنَّىٰ يُؤْفَكُونَ ﴿٨٧﴾

*87*
*അവരെ സൃഷ്ടിച്ചതാരാണെന്ന് നീ അവരോടു ചോദിച്ചുവെങ്കിൽ തീർച്ചയായും അവർ പറയും; അല്ലാഹു എന്ന്. എന്നിട്ടും എങ്ങനെയാണവർ വഴിതെറ്റിക്കപ്പെടുന്നത്!*

| | |
|---|---|
| നീ അവരോടു ചോദിച്ചുവെങ്കിൽ | وَلَئِن سَأَلْتَهُم |
| അവരെ ആര് സൃഷ്ടിച്ചുവെന്ന് | مَّنْ خَلَقَهُمْ |
| തീർച്ചയായും അവർ പറയും | لَيَقُولُنَّ |
| അല്ലാഹു (എന്ന്) | ٱللَّهُ |
| എന്നിട്ടും എങ്ങനെയാണവർ വഴിതെറ്റിക്കപ്പെടുന്നത്! | فَأَنَّىٰ يُؤْفَكُونَ |

വിഗ്രഹാരാധകരുടെ നടപടിയിൽ അത്ഭുതം പ്രകടിപ്പിച്ചുകൊണ്ടുള്ള ചോദ്യമാണിത്. ഈ ചോദ്യം ഖുർആൻ നിരവധി സന്ദർഭങ്ങളിൽ പല വിധത്തിൽ ഉന്നയിച്ചിട്ടുണ്ട്. ഈ ചോദ്യത്തിന്റെ ഉത്തരം ബഹുദൈവ വിശ്വാസത്തിന്റെയും വിഗ്രഹാരാധനയുടെയും അർഥ ശൂന്യത ഏതു പാമരനും ബോധ്യമാകുംവണ്ണം ലളിതവും സുവ്യക്തവുമാണ്. പ്രപഞ്ചവും മനുഷ്യനുൾപ്പെടെയുള്ള അതിലെ എണ്ണമറ്റ ചരാചരങ്ങളും സൃഷ്ടിച്ചു പരിപാലിക്കുന്നത് ആരാണെന്ന ചോദ്യത്തിന് പണ്ഡിതനും പാമരനും നൽകുന്ന ഉത്തരം അത് അല്ലാഹു-സാക്ഷാൽ ദൈവം- ആകുന്നു എന്നായിരിക്കും. പ്രാചീന കാലത്ത് ആരാധിക്കപ്പെട്ടിരുന്ന ബഅ്‌ലോ ലാത്തയോ ഉസ്സയോ, ഇക്കാലത്തെ ആരാധ്യരായ രാമനോ കൃഷ്ണനോ ഗുരുവായൂരപ്പനോ കൊടുങ്ങല്ലൂർ ഭഗവതിയോ ആണെന്ന് ആരും പറയില്ല. സ്രഷ്ടാവും പാലകനും അല്ലാഹുവാണെങ്കിൽ സൃഷ്ടികളുടെ ആരാധനക്കും ഭയഭക്തിക്കും അർഹൻ അവൻ തന്നെയാകുന്നു എന്നത് ലളിതമായ സത്യമാകുന്നു. ഈ സത്യം ആർക്കും നിഷേധിക്കാനാവില്ല. എന്നിട്ടും ജനങ്ങൾക്ക് എങ്ങനെയാണ് വിഗ്രഹങ്ങളെയും മറ്റ് അചേതന വസ്തുക്കളെയും, അല്ലാഹു സൃഷ്ടിച്ച സചേതനരായ മലക്കുകളെയും ജിന്നുകളെയും മനുഷ്യരെയും ജന്തുജാലങ്ങളെയുമൊക്കെ ദൈവങ്ങളെന്ന് വിശ്വസിക്കാനും ആരാധിക്കാ

നും കഴിയുന്നത്? അതിന് എന്ത് യുക്തിയും ന്യായവുമാണവർക്കുള്ളത്? സാമാന്യ ബുദ്ധിക്ക് അംഗീകരിക്കാവുന്ന ഒരു ന്യായവുമില്ല. വിഗ്രഹാരാധനയെ സ്ഥാപിക്കാൻ ഉന്നയിക്കപ്പെടുന്ന ന്യായങ്ങളെല്ലാം അതുന്നയിക്കുന്നവർക്ക് തന്നെ ബോധ്യപ്പെടാത്ത കുതർക്കങ്ങൾ മാത്രം -**إلا جدلا**- ആകുന്നു. **أَفَك** യിൽനിന്നുള്ള കർമണി പ്രയോഗമാണ് **يُؤْفَكُونَ**. കള്ളം കെട്ടിച്ചമക്കുന്നതിനും നുണ പറയുന്നതിനും ശരിയിൽനിന്ന് തെറ്റിലേക്ക് തിരിച്ചുവിടുന്നതിനും **افك** ഉപയോഗിക്കും. തങ്ങളെ സൃഷ്ടിച്ചു പരിപാലിക്കുന്നത് സാക്ഷാൽ ദൈവമാണെന്ന സത്യം ഗ്രഹിച്ചവരുടെ വിശ്വാസവും ഭക്തിയും വ്യാജ ദൈവങ്ങളിലേക്കു തിരിച്ചുവിടുകയാണ് ഇവിടെ ഉദ്ദേശ്യം. **يُؤْفَكُونَ**- അവർ തിരിച്ചുവിടപ്പെടുന്നു- എന്ന പ്രയോഗം ജനം സ്വയം വിഗ്രഹാരാധനയിലേക്കും ബഹുദൈവ വിശ്വാസത്തിലേക്കും തിരിഞ്ഞുപോവുകയല്ല, ആരോ അവരെ അതിലേക്കു തിരിച്ചുവിടുകയാണ് എന്നു സൂചിപ്പിക്കുന്നു. അതു പൂർവികരിൽനിന്ന് പാരമ്പര്യമായി ലഭിച്ച സംസ്കാരമാകാം, സമൂഹമാകാം, ചെകുത്താനാകാം, പുരോഹിതന്മാരും നേതാക്കളുമാകാം. ആരാണ് എന്നതല്ല പ്രശ്നം; വഴിതെറ്റിക്കുന്നതാരായാലും സാമാന്യ ബുദ്ധിയുള്ള മനുഷ്യർക്ക് ആ വഴിതെറ്റിക്കലിന് വിധേയരാവാൻ കഴിയുന്നതെങ്ങനെ എന്നതാണ്. ●

**പ്രപഞ്ചവും മനുഷ്യനുൾപ്പെടെയുള്ള അതിലെ എണ്ണമറ്റ ചരാചരങ്ങളും സൃഷ്ടിച്ചു പരിപാലിക്കുന്നത് ആരാണെന്ന ചോദ്യത്തിന് പണ്ഡിതനും പാമരനും നൽകുന്ന ഉത്തരം അത് അല്ലാഹു-സാക്ഷാൽ ദൈവം- ആകുന്നു എന്നായിരിക്കും.**

وَقِيلِهِۦ يَـٰرَبِّ إِنَّ هَـٰٓؤُلَآءِ قَوْمٌ لَّا يُؤْمِنُونَ ﴿٨٨﴾

*88*
*നാഥാ, ഇക്കൂട്ടർ സത്യ-ധർമങ്ങൾ കൈക്കൊള്ളാൻ കൂട്ടാക്കാത്ത ജനമാണല്ലോ എന്ന പ്രവാചകന്റെ പരിദേവനവും അവൻ അറിയുന്നുണ്ട്.*

| | |
|---|---|
| അവന്റെ (പ്രവാചകന്റെ) വാക്കും (പരിദേവനവും) അവൻ അറിയുന്നുണ്ട് | وَقِيلِهِ |
| എന്റെ നാഥാ | يَا رَبِّ |
| തീർച്ചയായും ഇക്കൂട്ടർ | إِنَّ هَٰؤُلَاءِ |
| വിശ്വസിക്കാത്ത ജനമാകുന്നു (സത്യധർമങ്ങൾ കൈക്കൊള്ളാൻ കൂട്ടാക്കാത്ത ജനമാണല്ലോ) | قَوْمٌ لَا يُؤْمِنُونَ |

**قيل** യുടെ വ്യാകരണം ഭാഷാഭിജ്ഞർ പല രീതിയിൽ വിശകലനം ചെയ്തിരിക്കുന്നു. കൂടുതൽ സ്വീകാര്യമായി തോന്നുന്നത് ഇതാണ്: **قيل** യെ **وا** കൊണ്ട് സമാസിക്കുന്നത് - **عطف** - 85-ാം സൂക്തത്തിലെ **عِلْمُ السَّاعَةِ** നോടാണ്. **قيل** ക്രിയയാകുമ്പോൾ **قال**-യുടെ കർമണി പ്രയോഗമാണ്. **القال-مقالة-قول** (പ്രസ്താവന, വാക്ക്, പറയപ്പെട്ടത്) എന്നിവയുടെ അർഥത്തിൽ നാമമായും **قيل** ഉപയോഗിക്കും. ഇവിടെ പറയപ്പെടുന്നത്, വാക്ക് എന്ന അർഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിലെ '**ه**' സർവനാമം സൂചിപ്പിക്കുന്നത് റസൂലിനെയാണ്. താൽപര്യമിതാണ്: സൃഷ്ടികൾക്കാർക്കും അറിഞ്ഞുകൂടാത്ത, അന്ത്യനാൾ സംബന്ധിച്ച വിവരവും നിങ്ങൾ കേട്ടുകൊണ്ടിരിക്കുന്ന, പ്രവാചകന്റെ വേവലാതിയും സംബന്ധിച്ച വിവരവും അല്ലാഹുവിലുണ്ട്. നാഥാ, നീ എന്നെ നിയോഗിച്ച ഈ ജനത എന്റെ പ്രവാചകത്വം അംഗീകരിക്കാനോ നിന്നിൽ വിശ്വസിക്കാനോ നിന്റെ ധർമശാസനകൾ അനുസരിക്കാനോ കൂട്ടാക്കുന്നില്ലല്ലോ എന്നാണ് പ്രവാചകന്റെ വേവലാതി. ഈ വേവലാതി 25:30-ൽ ഇങ്ങനെയും അവതരിപ്പിച്ചിട്ടുണ്ട്: **يَا رَبِّ إِنَّ قَوْمِي اتَّخَذُوا هَٰذَا الْقُرْآنَ مَهْجُورًا** - "നാഥാ എന്റെ ജനത ഈ ഖുർആനിനെ തള്ളിക്കളയുന്നുവല്ലോ." ജനത്തിന്റെ ഈ നിലപാടിൽ പ്രവാചകന് അടക്കാനാവാത്ത ദുഃഖവുമുണ്ടായിരുന്നു. അതെപ്പറ്റി 18-6-ൽ ഇപ്രകാരം പറയുന്നുണ്ട്: **فَلَعَلَّكَ بَاخِعٌ نَّفْسَكَ عَلَىٰ آثَارِهِمْ إِن لَّمْ يُؤْمِنُوا بِهَٰذَا الْحَدِيثِ**

أَسَفًا -"പ്രവാചകാ, ജനം ഈ സന്ദേശത്തിൽ വിശ്വസിക്കുന്നില്ലെങ്കിൽ നീ അവർക്കു പിറകെ ദുഃഖപാരവശ്യത്താൽ ജീവാപായം വരുത്തിയേക്കും." പ്രവാചകന്റെ വിഷമം അല്ലാഹുവിനറിയാം എന്നു പറയുക മാത്രമല്ല ഈ വാക്യത്തിന്റെ താൽപര്യം. അല്ലാഹു നിയോഗിച്ചയച്ച ദൂതനെ അവൻ കൈവെടിയുകയില്ലെന്നും അദ്ദേഹത്തിന്റെ വിഷമം പരിഹരിക്കാനുള്ള നടപടികൾ അവൻ സ്വീകരിക്കുമെന്നും അതിനൊരു സമയം നിശ്ചയിച്ചിട്ടുണ്ടെന്നും ആ സമയം അവൻ മാത്രമേ അറിയുന്നുള്ളൂവെന്നും ആ സമയം വരുന്നതുവരെ പ്രവാചകൻ കാത്തിരിക്കേണമെന്നുംകൂടിയാകുന്നു. ●

فَٱصۡفَحۡ عَنۡهُمۡ وَقُلۡ سَلَٰمٞۚ فَسَوۡفَ يَعۡلَمُونَ ﴿٨٩﴾

*89*
*അവരെ അവഗണിച്ച് സലാം പറഞ്ഞ് പിരിഞ്ഞുകൊള്ളുക.*
*വൈകാതെ അവർ അറിയുന്നുണ്ട്.*

| | |
|---|---|
| നീ അവരെ അവഗണിക്കുക (അവഗണിച്ച്) സലാം പറയുക (പറഞ്ഞു പിരിഞ്ഞുകൊള്ളുക) | فَاصْفَحْ عَنْهُمْ وَقُلْ سَلَامٌ |
| ശേഷം, വൈകാതെ | فَسَوْفَ |
| അവർ അറിയുന്നു(ണ്ട്) | يَعْلَمُونَ |

**തങ്ങൾ പറയുന്നതിനപ്പുറമുള്ള ഒരു യാഥാർഥ്യവും അംഗീകരിക്കുകയില്ല എന്നു ശപഥം ചെയ്തവരോട് തർക്കിച്ചിട്ടു കാര്യമില്ല.**

മുൻ സൂക്തത്തിൽ .....وَقِيلِهِ എന്ന വചനത്തിലൂടെ പ്രവാചകന് നൽകിയ സാന്ത്വനം വ്യക്തമായി പ്രസ്താവിച്ചുകൊണ്ട് സൂറ സമാപിക്കുകയാണ്. പ്രവാചകൻ കാര്യങ്ങളെല്ലാം അല്ലാഹുവിൽ സമർപ്പിച്ചുകൊണ്ട് അവരുടെ ആക്ഷേപശകാരങ്ങൾ അവഗണിച്ചുകളയുക. അവരുടെ പരിഹാസത്തോടും കുതർക്കങ്ങളോടും ഏറ്റുമുട്ടാൻ നിൽക്കേണ്ടതില്ല. നല്ല നിലയിൽ സലാം പറഞ്ഞു പിരിഞ്ഞു പോരുകയാണ് വേണ്ടത്. എന്തായാലും ശരി, തങ്ങൾ പറയുന്നതിനപ്പുറമുള്ള ഒരു യാഥാർഥ്യവും അംഗീകരിക്കുകയില്ല എന്നു ശപഥം ചെയ്തവരോട് തർക്കിച്ചിട്ടു കാര്യമില്ല. അവരോട് സലാം എന്നു പറയുക എന്നതിന്റെ താൽപര്യം, നിങ്ങൾ നിങ്ങളുടെ നിലപാടിൽ ഉറച്ചുനിൽക്കുന്നുവെങ്കിൽ ഞങ്ങളുടെ നിലപാടിൽ ഞങ്ങളും ഉറച്ചുനിൽക്കുന്നു, നമുക്കിടയിൽ തർക്കം വേണ്ട, സമാധാനമായി പിരിയാം എന്നാണ്. ആരെങ്കിലും ഇസ്ലാമിനെ എതിർക്കുകയും പ്രവാചകനെയും ഖുർആനിനെയും അവമതിക്കുകയും ചെയ്താൽ ഉടനെ അവരുടെ മേൽ ചാടിവീഴാൻ അല്ലാഹു കൽപിച്ചിട്ടില്ല. തർക്കിച്ചിട്ട് ഫലമില്ലാത്തവരോട് തർക്കിക്കാതിരിക്കുകയും സമാധാനപരമായി വർത്തിക്കുകയുമാണ് വേണ്ടത്. ഇങ്ങോട്ട് ബലപ്രയോഗം നടത്തുന്നവരെ മാത്രമേ ബലപ്രയോഗത്തിലൂടെ നേരിടാവൂ. മതനിന്ദകരുടെയും പരിഹാസകരുടെയും കാര്യം അല്ലാഹു നോക്കിക്കൊള്ളും. فَسَوْفَ يَعْلَمُونَ അല്ലാഹുവിങ്കൽനിന്നുള്ള താക്കീതാണ്. വൈകാതെ -فَسَوْفَ- എന്നു പറഞ്ഞത് ഈ ലോകത്തുതന്നെ എന്ന അർഥത്തിലാവാമെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ബദ്ർ- ഉഹുദ്-ഫത്ഹു മക്ക സംഭവങ്ങളിലൂടെ ഈ താക്കീത് പുലർന്നതായും പറയപ്പെടുന്നു. فَسَوْفَ يَعْلَمُونَ പ്രവാചകനോടു പറയാൻ കൽപിച്ച വാക്കുകളിൽ പെട്ടതാണ് എന്നഭിപ്രായപ്പെട്ടുകൊണ്ട് فَسَوْفَ تَعْلَمُونَ (വൈകാതെ നിങ്ങൾ അറിയുന്നുണ്ട്) എന്നും ഒരു പാഠം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. പ്രചുരമായ പാഠം يَعْلَمُونَ എന്നുതന്നെയാണ്. ●

സൂറ *അസ്സുഖ്റുഫി*ന്റെ ബോധനം ഇവിടെ അവസാനിക്കുന്നു.

الحمد لله الذي وفّقني لإتمام تنوير سورة الزخرف